**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3602** — **20.06.2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ജീവനക്കാരുടെ വേതന വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ സ.ഉ.നം.56/2017/ധന തീയതി 28.04.2017 പ്രകാരം അനുവദിച്ച അടിസ്ഥാന ശമ്പളത്തേക്കാൾ കൂടുതൽ ലഭിക്കുന്ന ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തേക്കാൾ വളരെ കുറച്ച് ലഭിക്കുന്ന ജീവനക്കാർക്കും ഒരേ നിരക്കിൽ (5%) ശമ്പള വർദ്ധനവ് നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | എ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ എല്ലാ തസ്തികകളും 28.04.2017 ലെ സ.ഉ.(പി)നം.56/2017/ധന ഉത്തരവ് പ്രകാരമുള്ള കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടില്ല. ചില തസ്തികകൾക്ക് മേൽ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന വേതനമാണ് ലഭിച്ചു വന്നിരുന്നത്. മാത്രമല്ല ഒരേ തസ്തികയ്ക്ക് വ്യത്യസ്ത ശമ്പളവും പ്രസ്തുത സ്ഥാപനത്തിൽ നൽകിവരുന്നുണ്ട്. ഇക്കാരണത്താൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ എല്ലാ തസ്തികകളും 28.04.2017 ലെ സ.ഉ.(പി)നം.56/2017/ധന ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയില്ല. ആയതിനാലാണ് കരാർ അടിസ്ഥാനത്തിലുള്ള ചില തസ്തികകൾക്ക് 5% വേതന വർദ്ധനവ് നൽകിയത് |
| (ബി) ബഹു:സുപ്രീം കോടതിയുടെ 'തുല്യ ജോലിയ്ക്ക് തുല്യ വേതനം' സംബന്ധിച്ചുള്ള നം.213/2013 എന്ന വിധി എന്തുകൊണ്ടാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ ഫാർമസികളിലെ ജീവനക്കാർക്ക് ബാധകമാക്കി നടപ്പിലാക്കാത്തതെന്ന് വിശദമാക്കുമോ;<br>(സി) മാനേജിംഗ് ഡയറക്ടറുടെയും ചെയർമാന്റെയും സദുദ്ദേശത്തോടുകൂടിയുള്ള ശിപാർശകൾ അട്ടിമറിക്കപ്പെടുകയോ | (ബി) യും (സി) യും ഒരേ തസ്തികയിലുള്ളവർക്ക് അവരുടെ സേവനദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ വേതനത്തിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് കരാർ ജീവനക്കാരുടെ വേതന പരിഷ്കരണം അംഗീകരിച്ചിട്ടുള്ളത്. |

റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കൃത്രിമത്വം നടന്നതുകൊണ്ടോ ആണോ ഈ സ്ഥിതിവിശേഷം സംജാതമായത്;

ഡി) ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ട ശിപാർശകൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

ഡി ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു

1) പത്താം ശമ്പളകമ്മീഷൻ റിപ്പോർട്ടിലെ തുല്യ തസ്തികയ്ക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന ശമ്പളം
2) 28.04.17 ലെ സഉ(പി)നം.56/17/ധന നമ്പർ ഉത്തരവ്
3) കോർപ്പറേഷന്റെ ആർജിത വരുമാനത്തിന് ആനുപാതികമായി ശമ്പളത്തിൽ നീക്കി വയ്ക്കാവുന്ന പരമാവധി തുക
4) ഓരോ കരാർ ജീവനക്കാരനും കോർപ്പറേഷനിൽ സേവനം അനുഷ്ഠിച്ച കാലയളവും മുൻ കാലങ്ങളിൽ നൽകിയിരുന്ന ശമ്പള വർദ്ധനവും

(ഇ) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ താഴ്ന്ന കാറ്റഗറിയിൽപ്പെടുത്തുകയും സർക്കാർ നിഷ്കർഷിച്ച മിനിമം വേതനം നിഷേധിച്ചും ദിവസവേതന ജീവനക്കാരെ പരിഗണിക്കാതെയും കോർപ്പറേഷനിലെ നിലവിൽ ജോലി ചെയ്യുന്ന എല്ലാത്തരം തസ്തികകളിലേയും കുറച്ചു പേർക്ക് മിനിമം വേതനം ലഭിക്കുകയും വലിയൊരു വിഭാഗത്തിന് മിനിമം വേതനം നിഷേധിക്കുന്നതുമായ സ്ഥിതിവിശേഷം സംജാതമായത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ?

(ഇ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ, 26.02.2016 തീയതിയിലെ സ.ഉ.(പി)നം.28/2016/ധന, 28.04.2017 ലെ സഉ(പി)നം.56/2017/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത, നിലവിൽ വാങ്ങുന്ന വേതനം എന്നിങ്ങനെ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് ഓരോ തസ്തികകളിലെയും മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്

സെക്ഷൻ ഓഫീസർ